بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

**ജുമുഅഃ ഖുത്വ്ബ**
**സംഗ്രഹം**
**29-08-2025**

# ഹുനൈൻ യുദ്ധം

സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്...) യു.കെ യിലെ ഇസ്‌ലാബാദിൽ വച്ച് നിർവഹിച്ചത്.

اَشۡھَدُ اَنۡ لَّاۤ اِلٰہَ اِلَّا اللّٰہُ وَحۡدَہٗ لَا شَرِیۡکَ لَہٗ وَاَشۡھَدُ اَنَّ مُحَمَّدًا عَبۡدُہٗ وَرَسُوۡلُہٗ
اَمَّا بَعۡدُ فَاَعُوۡذُ بِاللّٰہِ مِنَ الشَّیۡطٰنِ الرَّجِیۡمِ۔ بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ۔
اَلۡحَمۡدُ لِلّٰہِ رَبِّ الۡعٰلَمِیۡنَ ۝ الرَّحۡمٰنِ الرَّحِیۡمِ ۝ مٰلِکِ یَوۡمِ الدِّیۡنِ ۝ اِیَّاکَ نَعۡبُدُ وَاِیَّاکَ نَسۡتَعِیۡنُ ۝
اِہۡدِنَا الصِّرَاطَ الۡمُسۡتَقِیۡمَ ۝ صِرَاطَ الَّذِیۡنَ اَنۡعَمۡتَ عَلَیۡہِمۡ ۬ۙ غَیۡرِ الۡمَغۡضُوۡبِ عَلَیۡہِمۡ وَلَا الضَّآلِّیۡنَ ۝

തശഹ്ഹുദ്, തഅവ്വുദ്, തസ്മിയ എന്നിവയ്ക്കും സൂറത്തുൽ ഫാത്തിഹയുടെ പാരായണത്തിനും ശേഷം, ഹുസൂർ അൻവർ അയ്യദഹുല്ലാഹു തആലാ ബിനസ്രിഹിൽ അസീസ് പറഞ്ഞു: ഇന്ന് ഞാൻ ഹുനൈൻ യുദ്ധത്തെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ വിശദീകരിക്കും.
മക്കയിൽ നിന്ന് പുറപ്പെടുമ്പോൾ, നബി (സ) അത്താബ് ബിൻ അസീദിനെ മക്കയുടെ അമീറായി നിയമിച്ചു. മക്കയുടെ അമീറായി നിശ്ചയിക്കപ്പെടുന്ന ആദ്യവ്യക്തിയായിരുന്നു അദ്ദേഹം. അന്ന് അത്താബിന് ഏകദേശം ഇരുപത് വയസ്സായിരുന്നു പ്രായം. ഹദ്റത്ത് മുആദ് ബിൻ ജബലിന് മക്കയിലെ ജനങ്ങൾക്ക് മതം പഠിപ്പിക്കാനുള്ള ചുമതല നൽകി. ഹദ്റത്ത് അത്താബും അദ്ദേഹത്തിന്റെ പിതാവും ഖുറൈശ് ഗോത്രത്തിലെ പ്രമുഖരും ഇസ്‌ലാമിന്റെ കടുത്ത എതിരാളികളുമായിരുന്നു. ഇസ്‌ലാമിനോടുള്ള അത്താബിന്റെ വെറുപ്പ് കാരണം, മക്കാവിജയ വേളയിൽ ഹദ്റത്ത് ബിലാൽ ബാങ്ക് വിളിച്ചപ്പോൾ തന്റെ കൂട്ടുകാരോട് അത്താബ് പറഞ്ഞു:
'എന്റെ പിതാവ് ഈ ബാങ്ക് കേൾക്കുന്നതിന് മുൻപ് തന്നെ മരിച്ചുപോയത് നന്നായി.'
ഏതായാലും, അതിതിനു ശേഷം അത്താബ് മക്കാവിജയ വേളയിൽ ഇസ്‌ലാം സ്വീകരിച്ചിരുന്നു. നബി(സ) അദ്ദേഹത്തെ മക്കയുടെ അമീറായി നിയമിച്ചു. എന്നിട്ട് പറഞ്ഞു:
'അത്താബ്! ഞാൻ നിന്നെ അഹ്‌ലുല്ലാഹ് (ദൈവഭവനത്തിൽ വസിക്കുന്ന ആളുകൾ)യുടെ മേൽ അമീറാക്കിയിരിക്കുന്നു. അതുകൊണ്ട് അവരോട് നല്ലരീതിയിൽ പെരുമാറുക.'
നബി (സ)യുടെ വഫാത്ത് വരെ അദ്ദേഹം മക്കയുടെ അമീറായിരുന്നു. ഒരു റിപ്പോർട്ടനുസരിച്ച്, അദ്ദേഹം ഹദ്റത്ത് അബൂബക്കർ(റ)ന്റെ ഭരണകാലത്തും മക്കയുടെ അമീറായിരുന്നു,
ഹുനൈൻ യുദ്ധത്തിനായി നബി(സ) ശവ്വാൽ ആറിന് ശനിയാഴ്ച പുറപ്പെടുകയും ശവ്വാൽ പത്തിന് ഹുനൈൻ എന്ന സ്ഥലത്തെത്തുകയും ചെയ്തു. പത്നിമാരായ ഹദ്റത്ത് ഉമ്മുസലമയും(റ)ഹദ്റത്ത് സൈനബും(റ) ഈ യാത്രയിൽ തിരുമേനി(സ)യുടെ കൂടെ ഉണ്ടായിരുന്നു. ഹുനൈൻ യുദ്ധത്തിൽ മുസ്ലീം സൈന്യം ആൾബലത്തിലും ആയുധശക്തിയും എതിരാളികളെക്കാൾ കുറവായിരുന്നെങ്കിലും, അതുവരെ ചെയ്ത എല്ലാ യുദ്ധങ്ങളെയും അപേക്ഷിച്ച് കൂടുതലായിരുന്നു. നബി (സ) പന്ത്രണ്ടായിരം വരുന്ന സൈന്യത്തോടൊപ്പം പുറപ്പെട്ടുവെന്നാണ് അയിമ്മയെ മഗാസി എഴുതുന്നുത്. മക്ക കീഴടക്കാനായി മദീനയിൽ നിന്ന് വന്ന പതിനായിരം പേരെയും മക്കയിൽനിന്നുള്ള രണ്ടായിരം പേരെയും കൊണ്ട് അവിടുന്ന് യുദ്ധത്തിനായി പുറപ്പെട്ടു.

ഹദ്റത്ത് സഹ്ൽ(റ)വിവരിക്കുന്നു: ഹുനൈൻ ദിനത്തിൽ അദ്ദേഹം നബി(സ)യോടൊപ്പം യാത്ര ചെയ്യുകയായിരുന്നു. സായാഹ്നം വരെ ദീർഘനേരം യാത്ര ചെയ്തു. അദ്ദേഹം പറയുന്നു:
''ഞാൻ നബി(സ)യോടൊപ്പം നമസ്കരത്തിൽ പങ്കെടുത്തു. അപ്പോൾ ഒരാൾ കുതിരപ്പുറത്ത് വന്ന് പറഞ്ഞു: 'അല്ലാഹുവിന്റെ ദൂതരേ, ഞാൻ അങ്ങയുടെ മുൻപേ പോയിരുന്നു ഹവാസിൻ ഗോത്രക്കാർ അവരുടെ സ്ത്രീകളും, ഒട്ടകങ്ങളും, ആടുകളും, മറ്റ് മൃഗങ്ങളുമായി ഒരുമിച്ചു കൂടിയിരിക്കുന്നത് ഞാൻ കണ്ടു'." നബി (സ) പുഞ്ചിരിച്ച് കൊണ്ട് പറഞ്ഞു: "'നാളെ ഇൻശാ അല്ലാഹ്, ഇത് മുസ്ലിങ്ങളുടെ യുദ്ധമുതലായിരിക്കും.'" പിന്നീട് അവിടുന്ന് ചോദിച്ചു: "'ഇന്ന് രാത്രി ആരാണ് നമുക്ക് കാവൽ നിൽക്കുക?'"ഹദ്റത്ത് അനസ് ബിൻ അബീ മർസദ് പറഞ്ഞു: "'അല്ലാഹുവിന്റെ ദൂതരേ, ഞാൻ കാവൽ നിൽക്കാം.'" അവിടുന്ന് പറഞ്ഞു: 'ആ താഴ്വരയിലേക്ക് പോവുക." നിങ്ങൾ കാരണം ഞങ്ങൾ വഞ്ചിക്കപ്പെടരുത്.' ശ്രദ്ധയോടെ കാവൽ നിൽക്കണമെന്ന് സാരം. പ്രഭാതമായപ്പോൾ നബി(സ) നമസ്കാരത്തിനായി പുറപ്പെട്ടു. നമസ്കാരം കഴിഞ്ഞ് അവിടുന്ന് പറഞ്ഞു: "'നിങ്ങൾക്ക് സന്തോഷവാർത്ത, നിങ്ങളുടെ കുതിരപ്പടയാളി എത്തിയിരിക്കുന്നു.'" നബി (സ) ഹദ്റത്ത് അനസ് ബ്നു അബീ മർസലിനോട് പറഞ്ഞു: "'നിനക്ക് സ്വർഗം നിർബന്ധമാക്കപ്പെട്ടിരിക്കുന്നു.' ''" .
മാലിക് ബിൻ ഔഫ് മുസ്ലിം സൈന്യത്തിലേക്ക് മൂന്ന് ചാരന്മാരെ അയച്ചു. എന്നാൽ ഈ മൂന്ന് പേരും ഭയന്ന് വിറച്ചാണ് തിരിച്ചെത്തിയത്." അവർ പറഞ്ഞു:
"'ഞങ്ങൾ കുതിരപ്പുറത്ത് വെളുത്ത ആളുകളെ കണ്ടു. യുദ്ധം ഉണ്ടായാൽ നമുക്ക് അവരെ കീഴ്പെടുത്താൻ കഴിയില്ല. ഭൂമിയിലുള്ളവരെ കീഴ്പെടുത്താനാവാത്ത നാം എങ്ങനെ ആകാശത്തുള്ളവരുമായി യുദ്ധം ചെയ്യും? നിങ്ങൾ ഞങ്ങൾ പറയുന്നത് കേൾക്കൂ, നിങ്ങൾ തിരിച്ചു പോകുന്നതാണ് നല്ലത്.'
എന്നാൽ മാലിക് ബ്നു ഔഫ് അവരെ ശാസിച്ചു. എന്നിട്ട് മറ്റൊരാളെ അയച്ചു. അയാളും പെട്ടെന്ന് തന്നെ തിരിച്ചു വന്നു. ഭയം അയാളെയും ബാധിച്ചിരുന്നു. നാം തിരിച്ചു പോകുന്നതാണ് നല്ലതെന്ന് അയാളും പറയുകയുണ്ടായി. എന്നാൽ മാലിക് അതൊന്നും അംഗീകരിക്കാൻ കൂട്ടാക്കിയില്ല.
ഹദ്റത്ത് സൽമാ ബിൻ അക്വഅ് വിവരിക്കുന്നു: ഞങ്ങൾ നബി (സ) യോടൊപ്പം ഹവാസിൻ ഗോത്രവുമായി യുദ്ധം ചെയ്യാൻ പോയി. അപ്പോൾ ഒരാൾ വന്ന് ഞങ്ങളോടൊപ്പം ഇരുന്ന് ആളുകളോട് സംസാരിക്കാൻ തുടങ്ങി. പിന്നെ അയാൾ വേഗം ഒട്ടകപ്പുറത്തു കയറി പോകാൻ തുടങ്ങി. നബി (സ) ഇത് കണ്ടപ്പോൾ പറഞ്ഞു: "'ഇയാൾ ചാരനാണ്, ഇവനെ പിടിച്ച് വധിക്കൂ.'" അങ്ങനെ അയാളെ പിടിച്ചു വധിച്ചു.
ഒരുപാട് മലയിടുക്കുകളുള്ള പ്രദേശമാണ് ഹുനൈൻ. നബി(സ)യെയും അവിടുത്തെ സഹാബികളെയും ഒരേസമയം ആക്രമിക്കാനായി മാലിക് ബിൻ ഔഫ് തന്റെ സൈന്യത്തിൽ ചിലരെ മലയിടുക്കുകളിൽ പതിയിരുത്തി. ശത്രുക്കളുടെ സൈനികനിര ഇങ്ങനെയായിരുന്നു: ഏറ്റവും മുന്നിൽ കുതിരപ്പട, പിന്നിൽ കാൽനട സൈന്യം, അതിനുപിന്നിൽ ഒട്ടകപ്പുറത്ത് സ്ത്രീകളും കുട്ടികളും, അതിനുപിന്നിൽ ഒട്ടകങ്ങൾ, ആടുകൾ, മറ്റ് കന്നുകാലികൾ എന്നിവ. നബി(സ) ബനൂ സലീം ഗോത്രത്തിൽപ്പെട്ട ആയിരം കുതിരപ്പടയാളികളെ സൈന്യത്തിന്റെ മുൻനിരയിൽ നിർത്തി, അതിന്റെ നേതൃത്വം ഹസ്രത്ത് ഖാലിദ് ബിൻ വലീദിനെ ഏൽപ്പിച്ചു. സൈന്യത്തിന്റെ മധ്യഭാഗത്തായിരുന്നു നബി(സ).
അവിടുന്ന് മുഹാജിറുകൾക്കും അൻസാറുകൾക്കും വലിയ പതാകകൾ ഭാഗിച്ചു നല്കി. മുഹാജിറുകളിൽ നിന്ന് ഒരു പതാക ഹദ്റത്ത് അലി(റ)യെ ഏൽപ്പിച്ചു. ഒരു പതാക ഹദ്റത്ത് സഅ്ദ് ബിൻ അബീ വഖാസിനും ഒരു പതാക ഹദ്ത്ത് ഉമർ ഫാറൂഖിനും നൽകി. അൻസാറുകളിൽ ഖസ്റജ് ഗോത്രത്തിന്റെ പതാക ഹദ്റത്ത് ഹുബാബ് ബിൻ മുൻദിറിനും ഔസ് ഗോത്രത്തിന്റെ പതാക ഹദ്റത്ത് അസീദ് ബിൻ ഹുദൈറിനും നൽകി.
ഹുനൈൻ യുദ്ധത്തിൽ ആദ്യജയം മുസ്ലിങ്ങൾക്കാണ് ലഭിച്ചത്. പിന്നീട് ശത്രുക്കളുടെ ശക്തമായ ആക്രമണത്താൽ മുസ്ലീങ്ങൾ പരിഭ്രാന്തരായി പിന്തിരിഞ്ഞോടിയതോടെ താൽക്കാലികമായി പരാജയപ്പെട്ടെങ്കിലും ഒടുവിൽ മുസ്ലിങ്ങൾക്ക് മഹത്തായ വിജയം ലഭിക്കുകയുണ്ടായി. ബുഖാരിയുടെ നിവേദനമനുസരിച്ച് ഹദ്റത്ത് ബറാഅ് ബിൻ ആസിബ് പറയുന്നു: ഞങ്ങൾ ബനൂ ഹവാസിനെ ആക്രമിച്ചപ്പോൾ, അവർ പരാജയപ്പെട്ട് പിന്തിരിഞ്ഞോടി. ഞങ്ങൾ യുദ്ധമുതൽ ശേഖരിക്കാൻ തുടങ്ങി, അപ്പോഴേക്കും അവർ ഞങ്ങളുടെമേൽ അമ്പുകളുടെ ഒരു പെരുമഴ വർഷിപ്പിച്ചു. ഇത് കാരണം, സംര

ക്ഷിക്കാൻ ആയുധങ്ങളില്ലാത്ത യുവാക്കൾ പിന്നോട്ട് തിരിഞ്ഞോടി. എന്നാൽ നബി(സ) അപ്പോഴും യുദ്ധക്കളത്തിൽ ഉറച്ചുനിന്നു. നബി(സ) വെള്ള നിറത്തിലുള്ള കുതിരപ്പുറത്തായിരുന്നു ഉണ്ടായിരുന്നത്. നബി (സ) പങ്കെടുത്ത എല്ലാ യുദ്ധങ്ങളിലും ശ്രദ്ധേയമായ ഒരു കാര്യമുണ്ട്. യുദ്ധക്കളത്തിലെ സാഹചര്യം എന്തുമായിക്കൊള്ളട്ടെ, അവിടുന്ന് അചഞ്ചലമായ ധൈര്യവും  നിശ്ചയദാർഢ്യവുമാണ് പ്രകടിപ്പിച്ചിരുന്നത്. വലിയ വീരയോദ്ധാൾക്ക് പോലും കാലിടറുമ്പോൾ, അവിടുന്ന് ഒരു പാറപോലെ അവിടെ ഉറച്ചുനിന്നു.

ഹദ്റത്ത് മുസ്ലിഹ് മൗഊദ് (റ) ഹുനൈൻ യുദ്ധത്തിൽ ശരവർഷത്താൽ തിരിഞ്ഞോടിയ സംഭവത്തെക്കുറിച്ച് പറയുന്നു:

ഹുനൈൻ യുദ്ധത്തിൽ മുസ്ലീം സൈന്യം പിന്നോട്ട് മാറിയപ്പോൾ, ശത്രുക്കളുടെ അമ്പുകളുടെ ആക്രമണം ശക്തമായതുകൊണ്ട് നബി (സ) ഏതാനും സഹാബികളോടൊപ്പം ശത്രുവിന്റെ നേരെ മുന്നോട്ട് നീങ്ങി. ശത്രുക്കളുടെ ആക്രമണശക്തി വർദ്ധിക്കുന്നത് കണ്ട ഹദ്റത്ത് അബൂബക്കർ(റ) നബി(സ)യെ തടയാൻ ആഗ്രഹിച്ചു. അദ്ദേഹം മുന്നോട്ട് വന്ന് കുതിരയുടെ കടിഞ്ഞാൺ പിടിച്ചു. എന്നാൽ നബി(സ) പറഞ്ഞു: 'എന്റെ കുതിരയുടെ കടിഞ്ഞാൺ വിടൂ.'" അതിനുശേഷം, ഈ കവിത ചൊല്ലിക്കൊണ്ട് മുന്നോട്ട് നീങ്ങി:

*അന നബി ലാ കസിബ്*
*അന ഇബ്നു അബ്ദുൽ മുത്തലിബ്*

(ഞാൻ ദൈവത്തിന്റെ പ്രവാചകനാണ്; വ്യാജനല്ല. അബ്ദുൽ മുത്തലിബിന്റെ മകനാണ് ഞാൻ.)

ഞാൻ അബ്ദുൽ മുത്തലിബിന്റെ മകനാണ്" എന്ന് നബി(സ) പറഞ്ഞതിന്റെ അർത്ഥം ഇതാണ്: ശത്രുക്കൾ  ശക്തമായി ആക്രമണം നടത്തുകയും ശത്രുവിന്റെ നാലായിരം വില്ലാളി വീരന്മാർ അമ്പുകളുടെ മഴ വർഷിക്കുകയും ഈ അവസ്ഥയിൽ ഞാൻ മുന്നോട്ട് നീങ്ങുന്നത് മനുഷ്യകഴിവുകൾക്ക് അതീതമായ ഒന്നായി തോന്നിയേക്കാം. എന്നാൽ ആരും വഞ്ചിതരാകരുത്. എന്നിൽ എന്തെങ്കിലും ദൈവത്വപരമായ ശക്തിയുണ്ടെന്ന് കരുതരുത്. ഞാൻ അബ്ദുൽ മുത്തലിബിന്റെ മകനായ ഒരു മനുഷ്യൻ മാത്രമാണ്. ദൈവദൂതൻ ആയതിനാൽ അല്ലാഹുവിന്റെ സഹായം  എന്നോടൊപ്പമുണ്ടെന്ന് മാത്രം.

മുസ്ലീം സൈന്യത്തിന് ഇടർച്ച സംഭവിച്ചപ്പോൾ നിതിരുമേനിയുടെ സമീപം ഏതാനും ആളുകളേ ഉണ്ടായിരുന്നുള്ളൂ. അവരുടെ എണ്ണം"മുന്നൂറോ നാന്നൂറോ ആയിരുന്നുവെന്നാണ് പറയപ്പെടുന്നത്. എല്ലാവരും ഓടിപ്പോയിരുന്നില്ല എന്നാണ് നിവേദനങ്ങളിൽ വന്നിട്ടുള്ളത്. മക്കയിൽ ഉറച്ചവിശ്വാസം കൈവന്നിട്ടില്ലാത്തവരും മക്കയിൽ നിന്ന് യുദ്ധത്തിൽ പങ്കെടുക്കാൻ വന്ന  അമുസ്ലീങ്ങളുമാണ് ആണ് ഓടാൻ തുടങ്ങിയത്. ഈ അപ്രതീക്ഷിത പരാജയത്തിന് കാരണം ശത്രുക്കൾ ഒരുമിച്ച് അമ്പുകളുടെ മഴ വർഷിപ്പിച്ചതായിരുന്നു. ഏതായാലും, ഇതിനെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ ഇൻഷാ അല്ലാഹ് അടുത്ത തവണ വിശദീകരിക്കും.

ഇന്ന് ജർമ്മനിയിലെ ജൽസ സാലാന ആരംഭിക്കുകയാണ്. ജൽസയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ നിറവേറ്റാൻ അല്ലാഹു തൗഫീഖ് നൽകണമേ എന്ന് അവിടെ പങ്കെടുത്ത എല്ലാവരും ദുആ ചെയ്യേണ്ടതാണ്. ഇതിനെ  വെറുമൊരു മേളയായി കാണരുത്. മറിച്ച് ഈ ദിവസങ്ങളിൽ തങ്ങളുടെ വൈജ്ഞാനികവും കർമപരവും  ആത്മീയവുമായ വളർച്ചക്ക് വേണ്ടി തുടർച്ചയായി പ്രവർത്തിക്കച്ചുകൊണ്ടേ പോകുമെന്ന് പ്രതിജ്ഞയെടുക്കണം. ഇതിനായി ഈ ദിവസങ്ങളിൽ പ്രത്യേകമായി ദൈവസ്മരണയിലും പ്രാർത്ഥനകളിലും സമയം ചെലവഴിക്കുക. തങ്ങൾക്കും തങ്ങളുടെ തലമുറകൾക്കും വേണ്ടി പ്രാർത്ഥിക്കുന്നതോടൊപ്പം, ജമാഅത്തിന്റെ പുരോഗതിക്കും എല്ലാ ശത്രുക്കളുടെയും തിന്മകളിൽ നിന്ന് അല്ലാഹുവിന്റെ സംരക്ഷണം നേടുന്നതിനും അവരുടെ തിന്മകൾ ഇല്ലാതാക്കുന്നതിനും വേണ്ടി പ്രാർത്ഥിക്കുക. അല്ലാഹു അവരുടെ തിന്മകളിൽ നിന്ന് നമ്മെ രക്ഷിക്കട്ടെ. പാകിസ്താനിൽ ദിവസവും എന്തെങ്കിലും വേദനാജനകമായ സംഭവം നടക്കുന്നു. അല്ലാഹു എത്രയും വേഗം ഈ എതിരാളികളെ പിടികൂടട്ടെ. പൊതുവായി ലോകസമാധാനത്തിനുവേണ്ടിയും പ്രാർത്ഥിക്കുക. ഈ ലോകം അവരുടെ പ്രവർത്തനങ്ങൾ കാരണം തങ്ങളുടെ നാശത്തിലേക്ക് കൂടുതൽ അടുക്കുകയാണ്. അല്ലാഹു നമ്മെ ഈ ഭയാനകമായ നാശത്തിൽ നിന്ന് രക്ഷിക്കട്ടെ. ഫലസ്തീനികൾക്ക് വേണ്ടിയും പ്രാർത്ഥിക്കുക. ഇസ്രായേലി സർക്കാർ ക്രൂരതയുടെയും കിരാതത്വത്തിന്റെയും പാരമ്യതയിലെത്തിയിരി

ക്കുകയാണ്. ഫലസ്തീനികളെ ഈ ഭൂമുഖത്ത് നിന്ന് തുടച്ചുമാറ്റാൻ അവർ ആഗ്രഹിക്കുന്നുവെന്ന് തോന്നുന്നു. നിരപരാധികളായ കുട്ടികൾ, സ്ത്രീകൾ, വൃദ്ധർ, രോഗികൾ, എന്നിവരോടുള്ള ക്രൂരത അതിന്റെ അതിരുകൾ ലംഘിച്ചിരിക്കുന്നു. എല്ലായിടത്തും ഒരു കൂട്ടക്കൊല നടക്കുന്നു. ഇപ്പോൾ ചില രാഷ്ട്രീയക്കാരും ഭരണകൂടങ്ങളും ഇത് തെറ്റാണെന്നും ഇത് നിർത്തണമെന്നും പറയാൻ തുടങ്ങിയിട്ടുണ്ട്, എന്നാൽ ഇസ്രായേലി സർക്കാർ അവരുടെ വാക്കുകൾ കേൾക്കാൻ തയ്യാറല്ല. പണത്തിന്റെയും അധികാരത്തിന്റെയും ലഹരി അവരെയും അമേരിക്കയെയും അവരുടെ അനുയായികളെയും അഹങ്കാരത്തിന്റെയും ക്രൂരതയുടെയും അങ്ങേയറ്റത്ത് എത്തിച്ചിരിക്കുന്നു. മുസ്ലീം ഭരണകൂടങ്ങളും ഒന്നും ചെയ്യുന്നില്ല. അവർക്ക് ഒന്നും ചെയ്യാൻ കഴിയില്ലെങ്കിൽ, ദൈവികസഹായം ലഭിക്കുന്നതിനായി അവർ തങ്ങളുടെ അവസ്ഥകളിൽ ഒരു പരിവർത്തനം സംജാതമാക്കി അല്ലാഹുവിന്റെ മുൻപിൽ തല കുനിക്കട്ടെ. അവർക്ക് ഈ ബുദ്ധി ലഭിച്ചിരുന്നെങ്കിൽ എന്ന് ആഗ്രഹിച്ചു പോകുന്നു. അതുപോലെ, മുസ്ലീങ്ങൾ മുസ്ലീങ്ങളെയും ഉപദ്രവിക്കുന്നു. അല്ലാഹു അവരെയും ഈ ക്രൂരതയിൽ നിന്ന് തടയട്ടെ. ഈ എല്ലാ ക്രൂരതകൾക്കുമെതിരെ കഴിവിന്റെ പരാമവധി ശബ്ദമുയർത്തേണ്ടത് ഇന്ന് നമ്മൾ അഹ്മദികളുടെ കടമയാണ്. ഇതിന് പ്രത്യേകമായി പ്രാർത്ഥിക്കുകയും ചെയ്യുക. ഹൃദയവേദനയോടെ പ്രാർത്ഥിക്കുക. അല്ലാഹു ഇതിനുള്ള കഴിവ് നൽകുമാറാകട്ടെ.

اَلْحَمْدُ لِلّٰہِ نَحْمَدُہٗ وَ نَسْتَعِیْنُہٗ وَ نَسْتَغْفِرُہٗ وَنُؤْمِنُ
بِہٖ وَ نَتَوَکَّلُ عَلَیْہِ وَ نَعُوْذُ بِاللّٰہِ مِنْ شُرُوْرِ اَنْفُسِنَا وَ
مِنْ سَیِّئَاتِ اَعْمَالِنَا مَنْ یَّھْدِہِ اللّٰہُ فَلَا مُضِلَّ لَہٗ وَمَنْ
یُّضْلِلْہُ فَلَا ھَادِیَ لَہٗ۔ وَنَشْھَدُ اَنْ لَّآ اِلٰہَ اِلَّا اللّٰہُ وَنَشْھَدُ اَنَّ
مُحَمَّدًا عَبْدُہٗ وَ رَسُوْلُہٗ۔ عِبَادَ اللّٰہِ رَحِمَکُمُ اللّٰہُ اِنَّ اللّٰہَ یَاْمُرُ
بِالْعَدْلِ وَ الْاِحْسَانِ وَ اِیْتَاءِ ذِی الْقُرْبٰی وَ یَنْھٰی عَنِ الْفَحْشَاءِ
وَالْمُنْکَرِ وَ الْبَغْیِ یَعِظُکُمْ لَعَلَّکُمْ تَذَکَّرُوْنَ اُذْکُرُوا اللّٰہَ
یَذْکُرْکُمْ وَادْعُوْہُ یَسْتَجِبْ لَکُمْ وَلَذِکْرُ اللّٰہِ اَکْبَرُ۔

**FRIDAY SERMON SUMMARY** DELIVERED BY**HADRAT KHALIFATUL MASIH V(ATBA)**
ISLAMABAD UK ON 29.08.2025
SUMMARIZED BY MAJLIS ANSARULLAH BHARAT
MALAYALAM TRANSLATION BY BM ARIF MOHAMMED
FOR MALAYALAM DESK, QADIAN
PUBLISHED BY NAZARAT NASHR-O-ISHAAT,
SADR ANJUMAN AHMADIYYA QADIAN 143516